**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1013

03.12.2014-ലെ മറുപടിയ്ക്ക്

**ആറ്റിങ്ങൽ കൊല്ലമ്പുഴ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ടിൽപ്പെട്ട ആറ്റിങ്ങൽ കൊല്ലമ്പുഴ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ ഇപ്പോൾ ആരുടെ നിയന്ത്രണത്തിലാണ്; പ്രസ്തുത സെന്ററിന്റെ ചുമതല ഏത് ഉദ്യോഗസ്ഥനാണ്; എത്ര തുകയാണ് ഇതിനു വേണ്ടി ചെലവഴിച്ചത്; കഴിഞ്ഞ മഴക്കാലത്ത് വെള്ളം കയറി ഭൂരിഭാഗം പ്രദേശവും തകർന്ന് പോയതും ഇപ്പോൾ സന്ദർശകർക്ക് ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് കയറാൻ കഴിയാത്ത സ്ഥിതിയും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ടിൽ പെട്ട ആറ്റിങ്ങൽ കൊല്ലമ്പുഴ ടൂറിസ്റ്റ് ഫെസിലേറ്റേഷൻ സെന്ററിന്റെ നിർമ്മാണ ചുമതല സിഡ്കോയ്ക്കാണ് നൽകി യിട്ടുള്ളത്. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി സിഡ്കോ ടൂറിസം വകുപ്പിന് കൈമാറിയിട്ടില്ല. ഇതിന് വേണ്ടി 24,11,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ മഴക്കാലത്ത് വെള്ളം കയറി സന്ദർശകർക്ക് ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് കയറാൻ കഴിയാത്ത സ്ഥിതിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് ഞാൻ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ ടൂറിസ്റ്റ് കേന്ദ്രം തകർച്ചയിൽ നിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) ഉണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ